# ദൈവത്തിന്റെ മനസ്സലിവ്

## റോമർ 9:15

"എനിക്കു കരുണ തോന്നണം എന്നുള്ളവനോടു കരുണ തോന്നുകയും എനിക്കു കനിവു തോന്നണം എന്നുള്ളവനോടു കനിവു തോന്നുകയും ചെയ്യും."

ഈ ലോക സൃഷ്ടാവായ ദൈവം പരമാധികാരിയും തന്റെ ആലോചനപ്രകാരം സകലവും ചെയ്യുന്നവനുമാണ്. തനിക്കു കരുണ തോന്നണം എന്നുള്ളവനോടു കരുണ കാണിക്കുന്നവനാണ്. ഇന്നു നമ്മൾ ഈ ലോകത്തിൽ ആയിരിക്കുന്നത് പിതാവിന്റെ കരുണയാണ്. അവിടുത്തെ ദയയാൽ ദിനം തോറും നമ്മെ പരിപാലിക്കുന്നു. നമ്മുടെ യോഗ്യതകൾ അതിനു കാരണമല്ല. അവന്റെ വിശ്വസ്തത തലമുറ തലമുറയോളം ഇരിക്കുന്നു. എന്നാൽ ഒരുനിമിഷം നമ്മൾ ചിന്തിച്ചു നോക്കണം, ഈ ലോകജീവിതത്തിന്റെ തന്ത്രങ്ങളിൽ അറിഞ്ഞോ അറിയാതെയോ അകപ്പെട്ടുപോയ നമ്മൾ നമ്മുടെ പിതാവിന്റെ മനസ്സലിവ് മറന്നു പോകുന്നുണ്ടോ എന്ന്. ആ കരുണയ്ക്കും ദയയ്ക്കും വേണ്ടി നാം സ്തോത്രത്തോടെ ദൈവസന്നിധിയിൽ ആയിരിക്കണം.

ദൈവത്തിന്റെ ആലോചനയെ തടുക്കുവാൻ ആർക്കും കഴിയുകയില്ല. പൂർവ്വപിതാവായ മോശയെ ദൈവത്തിന്റെ ആലോചന പ്രകാരം തന്റെ ജനമായ യിസ്രായേൽ ജനതയെ മിസ്രയേമിൽ നിന്നു വീണ്ടെടുപ്പാൻ തക്കവണ്ണം വിളിച്ചു വേർതിരിച്ചു. ("അതുകൊണ്ടു ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ തോന്നുന്ന ദൈവത്താലത്രേ സകലവും സാധിക്കുന്നതു" റോമർ 9:16) ഫറവോനും അവന്റെ സൈന്യത്തിനും തന്റെ ആലോചനയെ തടുക്കുവാൻ ശക്തിയില്ല എന്നു മനസ്സിലാക്കാൻ രാജാവാക്കുകയും ചെയ്തു. ("ഇതിനായിട്ടു തന്നെ ഞാൻ നിന്നെ നിറുത്തിയിരിക്കുന്നതു; നിന്നിൽ എന്റെ ശക്തി കാണിക്കേണ്ടതിന്നും എന്റെ നാമം സർവ്വഭൂമിയിലും പ്രസ്താവിക്കേണ്ടതിന്നും തന്നേ" റോമർ 9:17). അങ്ങനെ ഫറവോൻ മേൽക്കുമേൽ തന്റെ ഹൃദയം കഠിനമാക്കി. അനേകം അത്ഭുതങ്ങളും, അടയാളങ്ങളും, അനർത്ഥങ്ങളും ഉണ്ടായിട്ടും യിസ്രായേൽ ജനതയെ വിട്ടയയ്ക്കാൻ തയ്യാറായില്ല. അനുതപിക്കാൻ അനേകം അവസരങ്ങൾ കൊടുത്തിട്ടും ഹൃദയം കഠിനമാക്കിയ ഫറവോനോടു ദൈവം കനിവുകാണിക്കുന്നത് അവസാനിപ്പിച്ചു. സുവിശേഷം പലവട്ടം കേട്ടിട്ടും വിശ്വസിക്കാത്തവർക്കു ഇതൊരു താക്കീതാണ്.

അതുകൊണ്ട് പ്രിയരേ, നമ്മുടേ ജീവിതത്തിൽ ദിനം തോറും നമ്മെ നടത്തുന്ന ദൈവത്തിന്നു നന്ദി പറയാം. ദൈവം തന്നതല്ലാതെ നമ്മുടെ ജീവിതത്തിൽ ഒന്നും ഇല്ല.

ദൈവത്തിന്റെ കരുണയ്ക്കും ദയയ്ക്കുമായി അവന്റെ പാദപീഠത്തിൽ സ്തുതിസ്തോത്രയാഗങ്ങൾ അർപ്പിക്കാം. അതിനു ദൈവം നമ്മെ ഓരോരുത്തരേയും സഹായിക്കുമാറാകട്ടെ.

പരാമർശം :

യൂദാ 1:20–21

നിങ്ങളോ, പ്രിയമുള്ളവരേ, നിങ്ങളുടെ അതിവിശുദ്ധവിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കു തന്നേ ആത്മികവർദ്ധന വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും നിത്യജീവനായിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണയ്ക്കായി കാത്തിരുന്നും കൊണ്ടു ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നേ സൂക്ഷിച്ചുകൊൾവിൻ.

സിസ്റ്റർ അനു റ്റോബി ചെങ്ങന്നൂർ 003